പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1418 — 21.03.2012-ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ.ലതിക | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവതികൾക്കുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ ? | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വനിതകളുടെ ക്ഷേമത്തിനായി യുവശക്തി പദ്ധതിയുടെ ഭാഗമായി ജില്ലകൾതോറും വനിതാ യൂത്ത് ക്ലബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ വഴി യുവതികൾക്ക് സ്വയംതൊഴിൽ പരിശീലനത്തിന് ധനസഹായം നൽകിവരുന്നു. വനിതാ യൂത്ത് ക്ലബ്ബിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 'അരങ്ങ്' എന്ന പേരിൽ വനിതാ ശില്പശാല സംഘടിപ്പിച്ചുവരുന്നു. ജെൻഡർ ഫെസ്റ്റിന്റെ ഭാഗമായി യുവജനക്ഷേമ ബോർഡ് 2012 മാർച്ച് 11 –ന് കോഴിക്കോട് വച്ച് 'അതിജീവനത്തിന്റെ സ്ത്രീ വഴികൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഏകദിന സെമിനാർ നടത്തുകയുണ്ടായി. വനിതകൾക്കായി മലപ്പുറത്ത് വച്ച് വനിതാ ശില്പശാല സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.